
**ഏലി, ഏലി ല്മാ സബക്ഥാനി**

(മത്തായി 27:46)



# വിശുദ്ധവാര തിരുക്കർമ്മങ്ങൾ

മാർച്ച് 29
ഏപ്രിൽ 5 2026

## സെന്റ് തോമസ് ദൈവാലയം, പൂന്തുറ

തിരുവനന്തപുരം ലത്തീൻ അതിരൂപത



ക്രിസ്തുവിൽ പ്രിയരേ,

പീഡാനുഭവത്തിന്റെ കയ്പുനീർ നിറഞ്ഞ ചഷകവുമായി കാൽവരിയുടെ ചെങ്കുത്തായ പാതയിൽ ഒരു നൊമ്പരമായി ക്രിസ്തു നടന്നുനീങ്ങുകയാണ്. മാനവകുലത്തിന്റെ പാപഭാരമെല്ലാം സ്വന്തം തോളിലേറ്റി, സ്നേഹത്തിന്റെ അത്യുന്നത ബലിപീഠത്തിലേക്ക് അവൻ ഓരോ ചുവടും വെക്കുമ്പോൾ പ്രകൃതി പോലും നിശബ്ദമായി വിങ്ങുന്നു. ഓശാനയുടെ ആർപ്പുവിളികൾ കാൽവരിയിലെ നൊമ്പരമായി തീരുന്ന ഈ പുണ്യവാരത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ ഈ ദിനങ്ങൾ ഒരു ആവർത്തനമല്ല, മറിച്ച് ആഴമായ നിശബ്ദതയിലുള്ള ഒരു ധ്യാനമാണ്. നമുക്കായി സ്വയം നുറുങ്ങിയ ഈശോയുടെ ഹൃദയമിടിപ്പുകൾക്കൊപ്പം നമ്മുടെ ആത്മാവിനെയും ചേർത്തുവെച്ചുകൊണ്ട് ആത്മീയമായ ഒരു തീർത്ഥാടനമായികൂടി ഈ ദിനങ്ങൾ മാറപ്പെടേണ്ടതുണ്ട്. തകർക്കപ്പെടുവാനിരിക്കുന്ന സ്വന്തം ശരീരം അപ്പമായി പകുത്ത് നൽകി, മുറിയപ്പെടുന്ന സ്നേഹമാകാനും, ശിഷ്യരുടെ പാദങ്ങൾ കഴുകി എളിമയുടെ പുത്തൻ മാതൃകയാകാനും നമ്മെ പഠിപ്പിച്ച ഈശോ. ഗത്സമേനിയിലെ വിയർപ്പ് രക്ത തുള്ളികളായി മാറി ചങ്ക് തകരുന്ന ആഴമായ വേദനയിലും, ഏകാന്തതയ്ക്കും ഇടയിൽ 'പിതാവേ, എന്റെ ഇഷ്ടമല്ല അങ്ങയുടെ ഹിതം നിറവേറട്ടെ' എന്ന ക്രിസ്തുവിന്റെ പ്രാർത്ഥന പിതാവായ ദൈവത്തിലുള്ള ഉറപ്പായ ആശ്രയ ബോദ്ധ്യവുംനമുക്ക് കാട്ടി തരുന്നു. നിന്ദനത്തിന്റെയും, പരിഹാസത്തിന്റെയും മദ്ധ്യേ, വിട്ടുകൊടുക്കലിന്റെയും ക്ഷമയുടെയും മഹത്തായ പാഠങ്ങൾ കുരിശിൽ നിന്ന് ഇന്നും ഒഴുകിയിറങ്ങുന്നുണ്ട്. മരിക്കാത്ത സ്നേഹത്തിന്റെ ആഴക്കടലിലേക്ക് നമുക്കും ഈ ദിവസങ്ങളിൽ ഒന്ന് ഇറങ്ങിച്ചെല്ലാം. ഹൃദയത്തിലെ കന്മതിലുകൾ തകർത്ത്, പശ്ചാത്താപത്തിന്റെ കണ്ണീരോടെ ആ കാൽവരി യാത്രയിൽ നമുക്കും അവിടുത്തെ അനുഗമിക്കാം. നമുക്കായി പിടഞ്ഞ ആ ഹൃദയത്തിന് ചാരെ, ഒരു നൊമ്പരമായി, ഒരു പ്രാർത്ഥനയായി നമുക്കും നിൽക്കാം. ഏവർക്കും ആത്മീയ ചൈതന്യം നിറഞ്ഞ വിശുദ്ധ വാരത്തിന്റെ പ്രാർത്ഥനാശംസകൾ.

റവ. ഫാ. ഡോ. ഡാർവിൻ പീറ്റർ
ഇടവക വികാരി

ഇടവക കൗൺസിൽ

റവ. ഫാ. ഐഷൻ
റവ. ഫാ. അഖിൽ IVDei
സഹവികാരിമാർ

മാർച്ച് 29

# ഓശാന ഞായർ

## കർത്താവിന്റെ ജറുസലേം പ്രവേശന സ്മരണ


"സീയോൻ പുത്രീ, അതിയായി ആനന്ദിക്കുക. ജറുസലെം പുത്രീ,
ആർപ്പുവിളിക്കുക. ഇതാ, നിന്റെ രാജാവ് നിന്റെ അടുക്കലേക്കു വരുന്നു.
അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ വിനയാന്വിതനായി,
കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്ത്, കയറിവരുന്നു." (സഖറിയാ 9 : 9)



രാവിലെ 6.00 ന് : **കുരുത്തോല വെഞ്ചെരിപ്പ്, കുരുത്തോല പ്രദക്ഷിണം**
തുടർന്ന് : **ദിവ്യബലി**
നേതൃത്വം : **1, 2, 3, 4 വാർഡുകൾ**

വൈകു. 4.30 ന് : ഇടവക ചുറ്റിയുള്ള

## പരിഹാര കുരിശിന്റെ വഴി



# വിശുദ്ധവാര ഒരുക്ക ധ്യാനം

**മാർച്ച് 30, 31**
**ഏപ്രിൽ 1**

വൈകു. 5.00 ന് : **ജപമാല**
5.30 ന് : **ദിവ്യബലി**
തുടർന്ന് :
**കുടുംബ വിശുദ്ധീകരണ ധ്യാനം**
നേതൃത്വം : **കരിസ്മാറ്റിക് കൂട്ടായ്മ**

**നയിക്കുന്നത് :**
**ഫാ : ഷാർലോ എഴിനിക്കാട്ട് CST & ടീം**

**കുമ്പസാരം**
**രാവിലെ 10 മണി മുതൽ**
**ഉച്ചയ്ക്ക് 1 മണി വരെ**



# പെസഹാ വ്യാഴം

നേതൃത്വം :
12,13,14,15 വാർഡുകൾ

## ഏപ്രിൽ 2

"നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ
നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ
നിങ്ങളും പരസ്പരം പാദങ്ങൾ കഴുകേണ്ടതാണ്." (യോഹ 13:14)

രാവിലെ 10.00 ന് : **ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികൾക്കുള്ള പെസഹാ ആഘോഷം**


വൈകു. 5.30 ന് : **തിരുവത്താഴ ദിവ്യബലി**
**വചന പ്രഘോഷണം, പാദക്ഷാളനം, ദിവ്യകാരുണ്യ പ്രദക്ഷിണം**

**പാവപ്പെട്ടവർക്കായുള്ള കാണിക്കയെടുക്കൽ**



തുടർന്ന് :
## തിരുമണിക്കൂർ ആരാധന

| സമയം | നേതൃത്വം |
|---|---|
| 8.00 PM മുതൽ 9.00 PM വരെ | തിരുഹൃദയ സഭാംഗങ്ങൾ |
| 9.00 PM മുതൽ 10.00 PM വരെ | കാണിക്കമാതാ, വി. യൗസേപ്പ് കൊമ്പ്രിയാ സഭാംഗങ്ങൾ |
| 10.00 PM മുതൽ 11.00 PM വരെ | വി. യൂദാതദേവൂസ്, വി. അന്തോണീസ്, വി. സ്നാപക യോഹന്നാൻ സഭാംഗങ്ങൾ |
| 11.00 PM മുതൽ 12.00 PM വരെ | പൊതു ആരാധന – വൈദീകർ, സിസ്റ്റേഴ്സ്, പാരിഷ് കൗൺസിൽ അംഗങ്ങൾ |





## ഏപ്രിൽ 3
# ദു:ഖവെള്ളി

"പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു. ഇതു പറഞ്ഞ് അവൻ ജീവൻ വെടിഞ്ഞു."
(ലൂക്കാ 23: 46)

നേതൃത്വം :
9, 10, 11 വാർഡുകൾ

ഓരോ വാർഡിൽ നിന്നും 3 പേരെ വീതം തിരഞ്ഞെടുത്ത് നൽകേണ്ടതാണ്

| | |
|---|---|
| 5.00 AM മുതൽ 6.00 AM വരെ | വ്യാകുലമാതാ, വണക്കമാതാ, ഫ്രാൻസിസ്കൻ 3-ാം സഭാംഗങ്ങൾ |
| 6.00 AM മുതൽ 7.00 AM വരെ | കർമ്മലമാതാ, സൊഡാലിറ്റി, ലീജിയൻ ഓഫ് മേരി |
| 7.00 AM മുതൽ 8.00 AM വരെ | വി. മിഖായേൽ മാലാഖ, വി. അലോഷ്യസ്, വി. ഫ്രാൻസിസ് അസ്സീസി സഭാംഗങ്ങൾ |
| 8.00 AM മുതൽ 9.00 AM വരെ | ഇടവകയിലെ യുവജന സംഘടനകൾ |
| 9.00 AM മുതൽ 10.00 AM വരെ | വി. ഗീ വർഗീസ്സ്, വി. റോക്കി, വി. ഫ്രാൻസിസ് സേവ്യർ സഭാംഗങ്ങൾ |
| 10.00 AM മുതൽ 11.00 AM വരെ | വി. സെബസ്ത്യാനോസ്, വി. പത്രോസ് ശ്ലീഹ, വി. ദൈവസഹായം പിള്ള സഭാംഗങ്ങൾ |
| 11.00 AM മുതൽ 12.00 PM വരെ | **പൊതു കുരിശിന്റെ വഴി** |
| 12.00 PM മുതൽ 01.00 PM വരെ | കരിസ്മാറ്റിക്, സെറാഫിൻ, റിസോഴ്സ് ടീം അംഗങ്ങൾ |
| 01.00 PM മുതൽ 02.00 PM വരെ | സെന്റ്, വിൻസെന്റ് ഡി പോൾ സൊസൈറ്റി, കെ. എൽ. സി. എ, കെ. എൽ. സി. ഡബ്ല്യൂ. എ. അംഗങ്ങൾ |
| 02.00 PM മുതൽ 02.30 PM വരെ | മതബോധന അധ്യാപകരും, വിദ്യാർഥികളും |
| 02.30 PM മുതൽ 02.55 PM വരെ | **കരുണക്കൊന്ത** |

വൈകു. 3 മണി മുതൽ : **കർത്താവിന്റെ പീഡാസഹനനുസ്മരണം, ദൈവ വചന പ്രഘോഷണം, കുരിശാരാധന, ദിവ്യകാരുണ്യ സ്വീകരണം**

തുടർന്ന് : **പീഡാനുഭവ തിരുസ്വരൂപം വഹിച്ചു കൊണ്ടുള്ള തൂമ്പാവ് പ്രദക്ഷിണം, പാദചുംബനം, കബറടക്കം**

## ഏപ്രിൽ 4
# വലിയ ശനി

'ജീവിച്ചിരിക്കുന്നവരെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്തിന്? അവൻ ഇവിടെയില്ല ഉയിർപ്പിക്കപ്പെട്ടു'.
(ലൂക്കാ : 24,25)

നേതൃത്വം : 5, 6, 7, 8 വാർഡുകൾ

ഈസ്റ്റർ രാത്രി ദിവ്യബലിക്ക് എല്ലാവരും മെഴുകുതിരി കൊണ്ടുവരേണ്ടതാണ്

രാത്രി 11:00 ന് : **പെസഹാ ജാഗരണം**

**പുത്തൻ തീ, തിരി ആശീർവദിക്കൽ, പെസഹാ പ്രഘോഷണം, ദൈവ വചന പ്രഘോഷണം, ജ്ഞാനസ്നാന ജലാശീർവാദം, ജ്ഞാനസ്നാന വ്രത നവീകരണം, സ്ത്രോത്രയാഗ കർമം**

## ഏപ്രിൽ 5
# ഈസ്റ്റർ ഞായർ

രാവിലെ 6.30 ന് : **ദിവ്യബലി**



## ഏവർക്കും ഉയിർപ്പ് തിരുനാളാശംസകൾ...




വൈകുന്നേരം 6 മണിക്ക് :
**ഇടവക മധ്യസ്ഥൻ**
# വിശുദ്ധ തോമാശ്ലീഹായുടെ
# തിരുനാൾ കൊടിയേറ്റ്

/Poonthura Media